7622
13/12/18

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - "കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ" പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.112/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 27.11.2018.

---

പരാമർശം :- 22.11.2018 -ലെ ബിസിഡിഡി -എ 1-1292/2018 നമ്പറിലുള്ള പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

സ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ മേഖലയിൽ സ്ഥിരം തൊഴിൽ കണ്ടെത്തുന്നതിന് പിന്നാക്ക വിഭാഗങ്ങളെ സജ്ജമാക്കുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി നടപ്പിലാക്കി വന്നിരുന്ന പദ്ധതിയായിരുന്നു "കരിയർ ഇൻ ഓട്ടോമൊബൈൽ" പദ്ധതി. ഈ പദ്ധതി പ്രകാരം 2013-14 മുതൽ ഓരോ വർഷവും 25 മുതൽ 35 വരെ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുകയും വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് വിവിധ സ്ഥാപനങ്ങളിൽ സ്ഥിരം തൊഴിൽ നൽകുകയുമുണ്ടായി. എന്നാൽ 2018-19 മുതൽ ഓട്ടോമൊബൈൽ രംഗത്തിനൊപ്പം കൂടുതൽ പുതിയ മേഖലകളിൽ സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ നിലവിലെ ഘടനയിൽ മാറ്റം വരുത്തി ഹോട്ടൽ മാനേജ്മെന്റ്, ലോജിസ്റ്റിക്, പോളിമർ ടെക്നോളജി തുടങ്ങിയ നവീന തൊഴിൽ മേഖലകൾ കൂടി ഉൾപ്പെടുത്തി 'സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ' എന്ന പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അംഗീകാരം അഭ്യർത്ഥിച്ചിരുന്നു.

2. ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 23.11.2018, 3.30-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ചർച്ച ചെയ്യുകയും പദ്ധതിക്ക് അംഗീകാരം നൽകുവാനും തീരുമാനിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 23.11.2018-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ "കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ" എന്ന പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തെ 2225-03-102-99 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 40 ലക്ഷം രൂപ, പദ്ധതി വ്യവസ്ഥകൾക്കനുസൃതമായി വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ